മരച്ചീനികർഷകസഹകരണസംഘങ്ങൾ.

*107. [55] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതിനകം എത്ര മരച്ചീനികർഷകസഹകരണസംഘങ്ങൾ രജിസ്റ്റർചെയ്തിട്ടുണ്ട്;

(ബി) ഉണ്ടെങ്കിൽ അവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ പലതും പ്രവർത്തനരഹിതമായി കിടക്കുകയാണെന്ന് ഗവണ്മെന്റിനു പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഗവണ്മെന്റ് അതിന്മേൽ എന്തു നടപടി എടുത്തു ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) 194 മരച്ചീനിസഹകരണസംഘങ്ങൾ പുതിയതായി രജിസ്റ്റർചെയ്തു. നിലവിലിരുന്നതിൽ മൂന്നു സംഘങ്ങൾ മരച്ചീനിസംഘങ്ങളായി പരിവർത്തനംചെയ്തതുൾപ്പടെ ഇപ്പോൾ 197 മരച്ചീനിസഹകരണസംഘങ്ങൾ ഉണ്ട്.

(ബി) അവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഈ ചോദ്യം ഉദിക്കുന്നില്ല.

കയർസഹകരണസംഘങ്ങൾ.

*108. [57] ശ്രീ. കെ. സി. എബ്രഹാം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കയർസഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിനുള്ള എത്ര അപേക്ഷകൾ 1954-55-ൽ ഉണ്ടായിരുന്നു;

(ബി) അവയിൽ എത്ര അനുവദിച്ചു; എത്ര നിരസിച്ചു;

(സി) കൊച്ചി-കണയന്നൂർതാലൂക്കിൽപ്പെട്ട നെടുങ്ങാട്ടുനിന്നും ഒരു അപേക്ഷ ലഭിച്ചിരുന്നോ;

(ഡി) എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 55 പുതിയ അപേക്ഷകൾ ഉണ്ടായിരുന്നു.

(ബി) 48 എണ്ണം അനുവദിച്ചു; 7 എണ്ണം നിരസിച്ചു.

(സി) ലഭിച്ചിരുന്നു.

(ഡി) അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. പഞ്ചവത്സരപദ്ധതിയിൽ നിർദ്ദേശിച്ച 120 കയർസൊസൈറ്റികളും സ്ഥാപിച്ചതിന്റെശേഷമാണ് നെടുങ്ങാട്ടുനിന്നും അപേക്ഷ കിട്ടിയതു. ഇതിനിടെ 40 സൊസൈ

LIBRARY ARCHIVES Kerala Legislative Assembly

റിക്രിയേഷൻ ക്ലബ്ബുകൾ സ്ഥാപിക്കുവാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. അവ രജിസ്റ്റർ ചെയ്യുവാൻ നടപടി ധൃതഗതിയിൽ നടക്കുന്നുണ്ട്. ഇതിനോടുകൂടി നെടുങ്ങാട്ടുകാരുടെ അപേക്ഷകൂടി പരിഗണിക്കുന്നതാണ്.

ട്രാവൽബ്യൂറോ.

* 109. [59] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റെസ്റ്റ് ഹൌസുകളും ടി. ബി-കളും ട്രാവൽ ബ്യൂറോ എന്ന പ്രൈവറ്റ് കമ്പനിക്കാർക്കു് വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം; കൊടുത്തിട്ടുള്ളതു് എന്നു മുതൽ വ്യവസ്ഥയിൽ;

(സി) കമ്പനിയുടെ നടത്തിപ്പു് പൊതുജനങ്ങൾക്കു് അസൗകര്യമാണെന്നു കാണിച്ചു് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ചില റെസ്റ്റ് ഹൌസുകളും ഗവണ്മെൻറ് ഹൌസുകളും വിട്ടുകൊടുത്തിരുന്നു.

(ബി) താഴെ പറയുന്ന കെട്ടിടങ്ങളാണ് ട്രാവൽ ബ്യൂറോയ്ക്കു് വിട്ടുകൊടുത്തിരുന്നതു്:—

1. ബോൾഗാട്ടി കൊട്ടാരം.
2. കുറവാലം കൊട്ടാരം.
3. കുറവാലം സ്കോട്ട്സ്മാൻ ഹാൾ.
4. കൊല്ലം അഡീഷണൽ ഗവണ്മെൻറ് ഹൌസ്.
5. വക്കല കൊട്ടാരം.
6. വക്കല റെസ്റ്റ് ഹൌസ്.
7. കേപ്പ് ഹോട്ടൽ.
8. കേപ്പ് റെസ്റ്റ് ഹൌസ്.
9. കോട്ടയം ക്യാമ്പ് ഷെഡ്ഡ്.
10. മൂന്നാർ റെസ്റ്റ് ഹൌസ്.
11. ആലപ്പുഴ "
12. എറണാകുളം "
13. തൃശ്ശൂർ ഗസ്റ്റ് ഹൌസ്.
14. തേക്കടി റെസ്റ്റ് ഹൌസ്.
15. മാസ്കട്ട് ഹോട്ടൽ.

പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നവയാണ് :—

1. കെട്ടിടങ്ങൾ ആദ്യമായി അഞ്ചുവർഷത്തേയ്ക്കുള്ള കരാറിന്മേൽ വാടകയ്ക്കു് കൊടുക്കുന്നതും പിന്നീടു് ഇരുകക്ഷികൾക്കും സമ്മതമാണെങ്കിൽ പ്രസ്തുത കരാർ പുതുക്കാവുന്നതുമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly